രണ്ടാം പാദവാർഷിക പരിക്ഷ

സാമൂഹ്യശാസ്ത്രം

ഉത്തര സൂചിക

മാർക്ക് : 80 | പത്താം തരം | സമയം : 2:30 hr

1. -1951 ൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചു.

-വിദേശസഹായത്തോടേ ഇരുമ്പുരുക്ക് വ്യവസായ ശാലകൾ ആരംഭിച്ചു.

-വൻകിട അണക്കെട്ടുകൾനിർമ്മിച്ചു.

-1950 ൽ ദേശിയ ആസൂത്രണ കമ്മീഷൻ സ്ഥാപിച്ചു.

-പൊതു മേഖലക്ക് പ്രാധാന്യമുള്ള മിശ്ര സമ്പദ് വ്യവസ്ഥ സ്വീകരിച്ചു. 4

2. a ] തെക്ക് പടിഞ്ഞാറൻമൺസൂൺ കാലത്താണ് മംഗലാപുരത്തിന് മഴ ലഭിക്കുന്നത്. ജ്രൂൺ ആരംഭത്തോടെ കേരളത്തിൽ എത്തുന്ന അറബിക്കടൽ ശാഖ കർണ്ണാടകത്തിന്റെ പടിഞ്ഞാറൻ ഭാഗത്ത് ശക്തമായ മഴക്ക് കാരണമാകുന്നു.പശ്ചിമഘട്ടത്തിന്റെ സ്വാധീനത്താൽ തമിഴ് നാട്ടിൽ മഴ ലഭിക്കുന്നില്ല.

വടക്ക് കിഴക്കൻ മൺസൂണാണ് തമിഴ് നാടിന്റെ മഴക്കാലം.

ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദത്താൽ കാറ്റുകൾ കരയിൽ നിന്നും കടലിലേക്ക് ആകർഷിക്കപ്പെടുന്നു.

ബംഗാൾ ഉൾക്കടലിൽ നിന്ന് ഈർപ്പം ആഗിരണം ചെയ്ത് വടക്ക് കിഴക്ക് തെക്ക് പടിഞ്ഞാറ് ദിശയിൽ നീങ്ങുന്നതിനാൽ തമിഴ്നാട് തീരത്ത് മഴ ലഭിക്കുന്നു.

b ]ഗുജറാത്തിലൂടെ രാജസ്ഥാനിൽ പ്രവേശിക്കുന്ന മൺസൂൺ ശാഖ ആരവല്ലി പർവതനിരകൾക്ക് സമാന്തരമായി കടന്നുപോകുന്നതിനാലാണ് രാജസ്ഥാനിൽ മഴക്കുറവ് അനുഭവപ്പെടുന്നത്. 3

3. <u>വികസന ചെലവുകൾ</u>

റോഡ് , തുറമുഖം , പാലം എന്നിവയുടെ നിർമ്മാണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ തുടക്കം തുടങ്ങിയവക്കുള്ള സർക്കാർ ചെലവുകൾ

<u>വികസനേതര ചെലവുകൾ</u>

യുദ്ധം , പലിശ , പെൻഷൻ തുടങ്ങിയവക്കുള്ള ചെലവുകൾ. 2

4. <u>നിർബന്ധിതമായ ചുമതലകൾ</u>

രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകൾ. ഇത് നിർവഹിക്കാത്ത പക്ഷം ജനങ്ങളുടെ സ്വത്തിനും ജീവനും സംരക്ഷണം ഉണ്ടാകില്ല.

ഉദാ: അതിർത്തി സംരക്ഷണം , അവകാശ സസംരക്ഷണം

<u>വിവേചന പരമായ ചുമതലകൾ</u>

രാഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ .

ഉദാ: ആരോഗ്യ സംരക്ഷണം , ക്ഷേമ പദ്ധതികൾ

ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്ന രാഷ്ട്രത്തെ ക്ഷേമരാഷ്ട്രം എന്നു വിളിക്കുന്നു. 3

5. d 2

6. - വർഗ്ഗീയ ലഹളകളെ ത്തുടർന്ന് അഭയാർത്ഥി പ്രവാഹമുണ്ടായി

- 10 ലക്ഷം പേർ അഭയാർത്ഥികളായി.

- പുനരധിവാസ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. 2

7.<u>ഭൗതിക സവിശേഷതകൾ</u>

കിണർ

കുഴൽ കിണർ

നദി

ധരാതലീയ ഭൂപടങ്ങളിലെ ജലശയങ്ങൾ

<u>സാംസ്കാരിക സവിശേഷതകൾ</u>

കോട്ട

അമ്പലം

ക്യസ്ത്യൻ പള്ളി

വാസസ്ഥലം

റോഡ്

ശവപ്പറമ്പ്

റെയിൽവേ പാലം

- ധരാതലീയ ഭൂപടങ്ങളിലെ മനുഷ്യനിർമ്മിത സവിശേഷതകൾ. 3

8. ആര്യ സമാജം - സ്വാമി ദയാനന്ദ സരസ്വതി

രാമകൃഷ്ണമിഷൻ - സ്വാമി വിവേകാനന്ദൻ

പ്രാർത്ഥനാസമാജം - ആത്മാറാം പാണ്ഡുരംഗ്

സത്യ ശോധക് സമാജ് - ജ്യോതിബാ ഫുലെ 4

9. -രാഷ്ട്രീയ സംഘടനകൾ വ്യക്തിയിൽ പൗരബോധവും രാഷ്ട്രീയ ബോധവും വളർത്തുന്നു.

- ഓരോ വ്യക്തിയുടേയും ചിന്തയേയും പ്രവർത്തനങ്ങളേയും രൂപപ്പെടുത്തുന്നതിൽ വിവിധ സംഘടനകൾക്ക് സ്വാധീനമുണ്ട്.

- പരിസ്ഥിതി സംരക്ഷണം , മനുഷ്യാവകാശ സംരക്ഷണം ,ജീവകാരുണ്യ പ്രവർത്തനം ,തുടങ്ങിയ മേഖലകളിൽനിരവധി സന്നദ്ധ പ്രവർത്തകർ പ്രവർത്തിക്കുന്നു.

- പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശ ബോധവും വ്യക്തികളിൽ സൃഷ്ടിക്കാൻ ഇത്തരം സംഘടനകൾക്ക് സാധിക്കും. 4

10. 1- B

2 - A

3 - ഒരു സെൻസറിന് തിരിച്ചറിയാൻ സാധിക്കുന്ന ഭൂമിയിലെ ഏറ്റവും ചെറിയ വസ്തുവിന്റെ വലിപ്പമാണ് സ്പേഷ്യൽ റെസലൂഷൻ. 3

11. 1b , 2c , 3a 3

12. - സ്വാതന്ത്ര്യ സമരത്തിൽ മുസ്ലീങ്ങളുടെ സജീവ സാനിധ്യം ഉറപ്പാക്കുക.

- ഹിന്ദു മുസ്ലിം ഐക്യം ശക്തിപ്പെടുത്തുക. 2

13. - രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പുതരുന്നു.

- പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ട്.

[ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു] 2

14. ഭൂസ്ഥിര ഉപഗ്രങ്ങൾ വഴിയാണ് അശ്വതി വിവരങ്ങൾ ശേഖരിച്ചത്.

| ഭൂസ്ഥിര ഉപഗ്രങ്ങൾ | സൗര സ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| * സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 കിമി ഉയരത്തിൽ<br>* ഭൂമിയുടെ ഭ്രമണത്തിനൊപ്പം സഞ്ചരിക്കുന്നു.<br>* ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരത്തിന്<br>* ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണപരിധിയിൽ | * സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 1000 കിമി താഴെ<br>* ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലം വെക്കുന്നു.<br>* പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരത്തിന് സാധിക്കുന്നു.<br>* ഭൂസ്ഥിര ഉപഗ്രഹങ്ങളെക്കാൾ കുറഞ്ഞ നിരീക്ഷണ പരിധി |

or

ഉയരത്തിന്റെ അടിസ്ഥാനത്തിൽ ഹിമാലയൻ നിരകളെ ഹിമാദ്രി, ഹിമാചൽ , സിവാലിക് എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു.

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| -ഏറ്റവും ഉയരം കൂടിയ നിര<br>-ശരാശരി ഉയരം 6000 മിറ്റർ<br>-ഗംഗ യമുന നദികളുടെ ഉത്ഭവം<br>-കാഞ്ചൻ ജംഗ , നന്ദാദേവി എന്നീ കൊടുമുടികൾ | -ഉയരത്തിൽ രണ്ടാം സ്ഥാനം<br>-ശരാശരി ഉയരം 3000 മീറ്റർ<br>-ഹിമാദ്രിയുടെ തെക്കുഭാഗത്ത്<br>-ഷിംല, ഡാർജലിങ് എന്നീ സുഖവാസകേന്ദ്രങ്ങൾ | -ഉയരത്തിൽ മൂന്നാം സ്ഥാനം<br>-ശരാശരി ഉയരം 1220 മീറ്റർ<br>-ഹിമാചലിന് തെക്ക്<br>-വിസ്തൃതമായ താഴ് വരകൾ അഥവാ ഡൂണുകൾ |

15.

| രാജാറാം മോഹൻ റോയ് | ഈശ്വര ചന്ദ്രവിദ്യാസാഗർ | പണ്ഡിത രമാഭായ് |
|---|---|---|
| -സതി ആചാരത്തെ എതിർത്തു.<br>-സ്ത്രീകൾക്ക് സ്വത്തിന്മേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു. | -വിധവാപുനർ വിവാഹത്തിനായി പ്രവർത്തിച്ചു.<br>-സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു. | -വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി പ്രവർത്തിച്ചു.<br>-അതിനായി ബോംബേയിൽ ശാരദാസദൻ സ്ഥാപിച്ചു |

4

16. -പൊതു വരുമാനം , പൊതുചെലവ് , പൊതുകടം എന്നിവയെ സംബന്ധിച്ച സർക്കാർ നയമാണ് ധനനയം.

-സാമ്പത്തിക സ്ഥിരത കൈവരിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക അനാവശ്യ ചെലവുകൾ നിയന്ത്രിക്കുക തുടങ്ങിയവ ധനനയത്തിന്റെ ചില ലക്ഷ്യങ്ങളാണ്.

-ധനനയത്തിന്റെ ശരിയായ പ്രയോഗം രാജ്യ പുരോഗതിയെ സ്വാധീനിക്കും. വികസന പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കാനും വളർച്ച കൈവരിക്കാനും ധനനയം സഹായിക്കുന്നു. 4

17. a- ആകാശിയ വിദൂര സംവേദനം

b- ഉപഗ്രഹ വിദൂര സംവേദനം. 2

18. എച്ച് എൻ കുൻസ്രു , കെ എം പണിക്കർ 2

19. - ഉറവിടങ്ങളിൽ തന്നെ മാലിന്യ സം സ്കരണം

- മരങ്ങൾ വെച്ചുപിടിപ്പിക്കുക 2

20. - ഇന്ത്യയിലെ ജനങ്ങൾ നേരിട്ടിരുന്ന വിവിധ തരം പ്രശ്നങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.

- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ എല്ലാവരേയും പങ്കാളികളാക്കുക.

- ഇന്ത്യയുടെ ഏത് ഭാഗത്തും ഏതൊരാളിനേയുംബാധിക്കുന്ന പ്രശങ്ങൾ ഇന്ത്യക്കാരുടെ മൊത്തം പ്രശ്നമായി കണക്കാക്കാൻ പ്രേരിപ്പിക്കുക. 3

21. -ധരാതലീയ ഭൂപടവിശകലനത്തിൽ ഭൂപടത്തിലെ രണ്ട് സ്ഥലങ്ങൾ തമ്മിൽ പരസ്പരം ദൃശ്യമാണെങ്കിൽ അതിനെ നേർക്കാഴ്ച എന്നു പറയുന്നു .

-A യും B യും തമ്മിൽ നേർക്കാഴ്ചയില്ല.

- A യും C യും തമ്മിൽ നേർക്കാഴ്ചയില്ല.

www.mathsblog.in

- B യും C യും തമ്മിൽ നേർക്കാഴ്ചയുണ്ട്. 3

22. - പരിണാമ സിദ്ധാന്തം
- സാമൂഹിക ഉടമ്പടി സിദ്ധാന്തം
- ശക്തി സിദ്ധാന്തം 2

23. <u>നിസഹകരണ പ്രസ്ഥാനം</u> -ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം.
- 1920 ന്റെ തുടക്കത്തിൽ.
- ബ്രിട്ടീഷ് നയങ്ങളോട് നിസഹകരിക്കാൻ ആഹ്വാനം .
- നികുതി നൽകാതിരിക്കുക, വിദേശവസ്തുക്കൾ ബഹിഷ്കരിക്കുക തുടങ്ങിയ സമരമുറകൾ.
- എല്ലാ വിഭാഗം ജനങ്ങളും പങ്കെടുത്തു.
- 1922 ചൗരി ചൗരാ സംഭവത്തോടെ ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവെക്കാൻ ആഹ്വാനം നൽകി.

<u>നിയമലംഘന സമരം</u> -
- 1929 ലെ ലാഹോർ കോൺഗ്രസിൽ എടുത്ത തീരുമാന പ്രകാരം ഗാന്ധിജിയുടെ നേതൃത്വത്തിൽ നിയമലംഘനസമരം 1930 ൽ ആരംഭിച്ചു.
- ഉപ്പ് സമരായുധമായെടുത്ത് ഉപ്പ് സത്യാഗ്രഹം
- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സമരം നടന്നു
- എല്ലാ വിഭാഗം ജനങ്ങളും പങ്കാളികളായി.

<u>ക്വിറ്റ് ഇന്ത്യാ സമരം</u> -
- ബ്രിട്ടീഷുകാർ ഇന്ത്യ വിടുക എന്ന മുദ്രാവാക്യം'
- കാരണങ്ങൾ - വിലക്കയറ്റം ക്ഷാമം , ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പാക്കാനുള്ള ബ്രിട്ടിഷുകാരുടെ വൈമനസ്യം
- 1942 ൽ
- ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സമരം നടന്നു
- എല്ലാ വിഭാഗം ജനങ്ങളും പങ്കാളികളായി.

or

സ്വരാജ് പാർട്ടി - 1923 ൽ , സി ആർ ദാസ് , മോത്തിലാൽ നെഹ്റു എന്നിവർ ചേർന്ന് രൂപീകരിച്ചു

ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ - 1928 ൽ , ഭഗത് സിങ്ങ് , ആസാദ് , രാജ് ഗുരു , സുഖ് ദേവ്

വിപ്ലവ പ്രസ്ഥാനങ്ങൾ -അഭിനവ് ഭാരത് സൊസൈറ്റി - വി ഡി സവർക്കർ , അനുശീലൻ സമിതി - ബരീന്ദർ കുമാർ ഘോഷ് , ഗദർ പാർട്ടി - ലാലാ ഹർദയാൽ

കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി - 1934 ൽ, ജയപ്രകാശ് നാരായണൻ , അരുണാ അസഫലി

സുഭാഷ് ചന്ദ്രബോസ് - INA , ഫോർ വേഡ് ബ്ലോക്ക്

കർഷക തൊഴിലാളി പ്രസ്ഥാനങ്ങൾ - AITUC , അഖിലേന്ത്യാ കിസാൻ സഭ etc.

6

24. a - കിഴക്കൻ തീരം [ കോറമാന്റൽ തീരം ]

b - സത്പുര

c - ഗംഗ

d – കന്യാകുമാരി 4

25. ഫീസ് - സർക്കാർ സേവനങ്ങൾക്ക് പ്രതിഫലമായി ഈടാക്കുന്നതാണ് ഫീസ്.

ഉദാ: ലൈസൻസ് ഫീസ് , റജിസ്ട്രേഷൻ ഫീസ്.

ലാഭം - സർക്കാർ നടത്തുന്ന സംരഭങ്ങളിൽ നിന്നുള്ള വരുമാനമാണ് ലാഭം.

ഉദാ: ഇന്ത്യയിൽ നിന്നുള്ള വരുമാനം.

ഗ്രാന്റ് - ഒരു സർക്കാർ മറ്റൊരു സർക്കാരിന് നൽകുന്ന സാമ്പത്തിക നയമാണ് ഗ്രാന്റ് .

ഉദാ: കേന്ദ്ര - സംസ്ഥാനസർക്കാരുകൾ തദ്ദേശസ്വയം ഭരണസർക്കാരുകൾക്ക് ഗ്രാന്റുകൾ നൽകുന്നത്.

ഫൈനുകളും പെനാൽറ്റികളും - നിയമം ലംഘിക്കുന്നതിനു നൽകുന്ന ശിക്ഷ.

ഉദാ: ഹെൽമറ്റില്ലാതെ വണ്ടി ഓടിക്കുമ്പോൾ ഫൈൻ ഈടാക്കുന്നത് . 4

26. B - 1 ഉം 3 ഉം ശരി 2




Prepared by

BIJU. M
GHSS PARAPPA, KASARGOD

COLIN JOSE . E
Dr. AMMRHSS KATTELA , TVPM